**മധുരമായ കുട്ടികളെ -നിങ്ങളുടെ ഈ ജീവിതത്തെ കക്കയിൽ നിന്നും വജ്ര സമാനമാക്കണമെങ്കിൽ സമയത്തെ സഫലമാക്കു, അവഗുണങ്ങളെ കളയൂ. കഴിച്ചും കുടിച്ചും ഉറങ്ങിയും സമയം നഷ്ടപ്പെടുത്താതിരിക്കു.**

**ചോദ്യം** : ഏതൊരു വാക്ക് കാരണമാണ് മനുഷ്യർ സർവ്വതിനേയും ഭഗവാന്റെ രൂപമായി കരുതുന്നത് ?
**ഉത്തരം** : ബാബ പറയുന്നു, ഈ സമയം ഞാൻ ബഹുരൂപിയാണ്, ഇവിടെ മുരളി നടത്തുമ്പോൾ പരംധാമം കാലിയാകുമൊന്നുമില്ല. എനിക്ക് ഇപ്പോൾ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടി വരുന്നു, വളരെയധികം സേവനം നടക്കുന്നു. കുട്ടികൾക്കും ഭക്തൻമാർക്കും സാക്ഷാത്ക്കാരം ചെയ്യിപ്പിക്കേണ്ടി വരുന്നു. ഞാൻ ഇപ്പോൾ ബഹുരൂപിയാണ്, ഈ ഒരു വാക്ക് കാരണമാണ് മനുഷ്യർ സർവ്വതിനേയും ഭഗവാന്റെ രൂപമായി പറയുന്നത്.

**ചോദ്യം** : ബാബയുടെ ഏതൊരു ശ്രീമത്ത് പാലിക്കുന്നവരാണ് സൽപുത്രൻമാരായ കുട്ടികൾ?
**ഉത്തരം** : ബാബ പറയുന്നു, കുട്ടികളേ ഒരിക്കലും ഡിസ്സർവ്വീസ് ചെയ്യരുത്, സമയം വളരെ വിലപ്പെട്ടതാണ്, ഉറങ്ങി നഷ്ടപ്പെടുത്തരുത്. കുറഞ്ഞത് 8 മണിക്കൂർ എനിക്ക് വേണ്ടി നല്കു. ഈ ശ്രീമത്ത് പാലിക്കുന്നവരാണ് സൽപുത്രൻമാർ.

**ഗീതം:** നിങ്ങൾ രാത്രിയെല്ലാം ഉറങ്ങി നഷ്ടപ്പെടുത്തി.....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. നമ്മൾ സർവ്വരും ബാബയുടെ കുട്ടികളാണ്, നമ്മളുടെ ശരീരത്തിന്റെ അച്ഛനും ശരീരധാരിയാണ് എന്നാൽ ആത്മാവ് അശരീരിയാണ്, ആത്മാവിന്റെ അച്ഛനും അശരീരിയാണ് എന്ന് കുട്ടികൾക്കറിയാം. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു എന്ന് ബാബ മനസ്സിലാക്കിതന്നിട്ടുണ്ട്. ഇപ്പോൾ ആരംഭിക്കുന്നത് ത്രേതാ അന്ത്യം വരെ നിലനിൽക്കുന്നു. നിങ്ങൾ ഇപ്പോൾ ഭാവിയിലെ 21 ജന്മങ്ങളിലെ പ്രാലബ്ധത്തിന് വേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. അതിനുശേഷം പിന്നീട് പരിധിയുള്ളത് ആരംഭിക്കുന്നു, പരിധിയില്ലാത്തത് അവസാനിക്കുന്നു. ഇത് ഗുഹ്യമായ കാര്യങ്ങളല്ലേ. നമ്മൾ പകുതി കല്പം പരിധിയുള്ള അച്ഛനിൽ നിന്ന് സമ്പത്തെടുത്ത് ഒപ്പം പരിധിയില്ലാത്ത അച്ഛനെ ഓർമ്മിച്ചാണ് വന്നത്. ആത്മാവിന്റെ സംബന്ധത്തിൽ സർവ്വരും സഹോദരങ്ങളാണ്. അതാണ് അച്ഛൻ. നമ്മൾ ആത്മാക്കൾ സഹോദര സഹോദരങ്ങളാണെന്ന് പറയാറുണ്ട് പിന്നെ മനുഷ്യ സൃഷ്ടിയുടെ രചന രചിക്കുമ്പോൾ സഹോദരീ സഹോദരരാകുന്നു. ഇത് പുതിയ രചനയല്ലേ. പിന്നീട് കുടുംബം വലുതാകുന്നു. ചാച്ചനും മാമനുമൊക്കെ പിന്നീട് ഉണ്ടാകുന്നു. ബാബ ഇപ്പോൾ രചന രചിക്കുന്നു. പുത്രന്മാരും പുത്രിമാരുമാണ്, മറ്റൊരു സംബന്ധവുമില്ല. നിങ്ങൾ ഇപ്പോൾ ജീവിച്ചിരിക്കെ സഹോദരീ സഹോദരരാകുന്നു. മറ്റൊരു സംബന്ധവുമായി തുലനം ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്ക് പുതിയ ജന്മം ലഭിച്ചിരിക്കുകയാണ്. ഞങ്ങൾ ഇപ്പോൾ ഈശ്വരീയ സന്താനങ്ങളാണെന്നറിയാം. ശിവവംശീ ബ്രഹ്മാകുമാർ കുമാരിമാരാണ്. ബ്രഹ്മാകുമാർ കുമാരിമാർക്ക് വേറൊരു സംബന്ധമില്ല. ഇപ്പോൾ മുഴുവൻ ലോകവും പതീതമാണ്, ഇതിനെ പാവനമാക്കേണ്ടതായുണ്ട്. ബാബാ ഞങ്ങൾ അങ്ങയുടേതാണ് എന്ന് പറയുന്നു. ബാബ പറയുന്നു: കുട്ടികളേ ഭാവിയിലേക്ക് വേണ്ടി പുരുഷാർത്ഥം ചെയ്ത് നിങ്ങളുടെ ജീവിതം വജ്രസമാനമാക്കണം. ദിവസം മുഴുവൻ കഴിക്കുക, കുടിക്കുക, രാത്രി ഉറങ്ങുക കൂടാതെ ബാബയെ ഓർമ്മിക്കാതിരിക്കുക.....ഇതിലൂടെ വജ്രസമാനമായ ജന്മം ലഭിക്കില്ല. ബാബ പറയുന്നു: ശരീര നിർവ്വഹാർത്ഥം കർമ്മം ചെയ്തുകൊണ്ട്, ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ട് താമര കമലപുഷ്പ സമാനമാകണം. നമ്മൾ കക്കയിൽ നിന്നും വജ്രസമാനം അതായത് മനുഷ്യനിൽ നിന്നും ദേവതയാകുന്നു എന്നറിയാം. മനുഷ്യരിൽ വളരെ അവഗുണമുണ്ട്. ദേവതകളിൽ ഗുണമുണ്ട് അതുകൊണ്ടല്ലേ മനുഷ്യർ ദേവതകളുടെ മുന്നിൽ പോയി തങ്ങളുടെ അവഗുണങ്ങളെ കുറിച്ച് പറയുന്നത്. അങ്ങ് സർവ്വഗുണ സമ്പന്നം....ഞങ്ങൾ പാപികളും നീചരുമാണ് എന്ന് പാടുന്നു. ഇപ്പോൾ ബാബ പറയുന്നു-തന്നിൽ നിന്നും ആസുരീയ അവഗുണങ്ങളെ കളഞ്ഞ് ഈശ്വരീയ ദൈവീക ഗുണം ധാരണ ചെയ്യണം. ബാബ നിരാകാരിയാണ്, മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്. ബാബ സത്യമാണ്, ചൈതന്യമാണ്, ജ്ഞാനത്തിന്റെ സാഗരമാണ്. ഈ ജ്ഞാനം ബുദ്ധിയിൽ ഇരിപ്പുണ്ടല്ലോ. ഇത് പുതിയ ജ്ഞാനമാണ്. വേദ ശാസ്ത്രങ്ങളിലൊന്നും ഈ ജ്ഞാനമില്ല. നിങ്ങൾ ഇപ്പോൾ കേൾക്കുന്നതൊക്കെ പിന്നീട് കാലഹരണപ്പെട്ടുപോകും. നമ്മൾ ആസുരീയ ഗുണമുള്ള മനുഷ്യനിൽ നിന്നും മാറി ദൈവീക ഗുണം ധാരണ ചെയ്ത് ബാബയിലൂടെ ദേവതയാകുന്നു, ബാബയുടെ ഓർമ്മയിലൂടെ ഞങ്ങൾ ശിരസ്സിലുള്ള പാപ ഭാരത്തെ ഭസ്മമാക്കുകയാണ് എന്ന് നിങ്ങൾക്കിപ്പോളറിയാം. ജലത്തിൽ സ്നാനം ചെയ്താൽ പാപം

ഭസ്മമാകുമെന്ന് ഭക്തീമാർഗ്ഗത്തിൽ കേട്ടാണ് വന്നത്. എന്നാൽ വെള്ളം കൊണ്ട് പാവനമാകാൻ സാധിക്കില്ല. അഥവാ ഇങ്ങനെ സാധ്യമായിരുന്നു എങ്കിൽ പിന്നെ പതീത പാവനനായ ബാബയെ എന്തിനാണ് ഓർമ്മിക്കുന്നത്. ഒന്നും മനസ്സിലാക്കുന്നില്ല. വിവേകിയും അവിവേകിയും എന്നൊരു നാടകം ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങളിപ്പോൾ എത്ര വിവേകികളാവുകയാണ്. സൃഷ്ടിചക്രത്തെ കുറിച്ച് പൂർണ്ണമായും അറിയാം. ഹിസ്റ്ററി, ജ്യോഗ്രഫിയെ കുറിച്ച് അറിയുക എന്നതും വിവേകമല്ലേ. അറിയുകയില്ല എങ്കിൽ അവരെ അവിവേകി എന്ന് പറയില്ലേ.

നിങ്ങൾ കുട്ടികൾക്കിപ്പോളറിയാം, ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ വജ്രസമാനമാക്കാൻ എന്ന് ബാബ തന്റെ പരിചയം തന്റെ കുട്ടികൾക്ക് തന്നിരിക്കുകയാണ്. ഇവിടെ നിന്ന് കേട്ടിട്ട് പോയി കഴിച്ചു കുടിച്ചു, മുൻപ് നടന്നതു പോലെ തന്നെ.....അത് കക്കയ്ക്ക് സമാനമായ ജീവിതമായിരുന്നു. ദേവതകളുടേത് വജ്രസമാനമായ ജീവിതമാണ്. അവർ സ്വർഗത്തിൽ സുഖമാണ് അനുഭവിച്ചിരുന്നത്. ചിത്രവുമുണ്ടല്ലോ. നമ്മൾ തന്നെയായിരുന്നു സുഖികളായിരുന്നത്, നമ്മൾ ദു:ഖികളായി എന്ന് മുൻപ് നിങ്ങൾക്ക് അറിയില്ലായിരുന്നു. നമ്മൾ 84 ജന്മം എങ്ങനെയാണ് എടുത്തത് എന്ന് അറിയില്ലായിരുന്നു. ഞാൻ ഇപ്പോൾ പറഞ്ഞു തരുന്നു. നിങ്ങളിപ്പോൾ മറ്റുള്ളവർക്കും മനസിലാക്കി കൊടുക്കുവാൻ യോഗ്യതയുള്ളവരായി. ബാബ വിവേകികളാക്കുന്നു എങ്കിൽ പിന്നെ മറ്റുള്ളവർക്ക് അറിവ് നല്കണം. വീട്ടിൽ പോയി കഴിഞ്ഞാൽ അതേ പഴയ പെരുമാറ്റം വരും എന്നാകരുത്. ശിക്ഷണം നേടിയിട്ട് പിന്നെ മറ്റുള്ളവർക്ക് ശിക്ഷണം നല്കു. ബാബയുടെ പരിചയം നല്കാൻ പോകേണ്ടി വരുന്നു. സർവ്വരുടേയും പരിധിയില്ലാത്ത അച്ഛൻ ഒന്നാണ്. ഹേ പരമപിതാപരമാത്മാ അല്ലെങ്കിൽ ഹേ പ്രഭൂ എന്ന് ഈ അച്ഛനെത്തന്നെയാണ് വിളിക്കുന്നത്. പരമാത്മാവിനെ ഓർമ്മിക്കാത്തതായി ആരും തന്നെയുണ്ടാകില്ല. സർവ്വ ധർമ്മത്തിലുള്ളവരുടേയും അച്ഛൻ ഒന്നാണ്. ഒന്നിനെയാണ് സർവ്വരും ഓർമ്മിക്കുന്നത്. ബാബയിൽ നിന്നും സമ്പത്തെടുക്കുവാൻ സർവ്വരും അവകാശികളാണ്. സമ്പത്തിനെ കുറിച്ചും മനസ്സിലാക്കികൊടുക്കണം. എന്ത് സമ്പത്താണ് ബാബ നല്കുന്നത്? മുക്തിയുടെയും ജീവൻമുക്തിയുടെയും സമ്പത്താണ്. സർവ്വരും ഇവിടെ ജീവൻബന്ധനത്തിലാണ്. ബാബ വന്ന് സർവ്വരേയും രാവണന്റെ ബന്ധനത്തിൽ നിന്നും മോചിപ്പിക്കുന്നു. ഇപ്പോൾ ആരും തന്നെ ജീവൻമുക്തരല്ല കാരണം രാവണന്റെ രാജ്യമാണ്. ദേഹ–അഭിമാനികളാണ്. ആത്മാവായ ഞാൻ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊരെണ്ണം എടുക്കുന്നു എന്ന് ദേഹി–അഭിമാനികളായതു കൊണ്ട് ദേവതകൾക്കറിയാം. അവിടെ പരമാത്മാവിനെ കുറിച്ച് മാത്രം അറിയില്ല. പരമാത്മാവിനെ കുറിച്ച് അറിഞ്ഞിരുന്നു എങ്കിൽ സൃഷ്ടിചക്രത്തെ കുറിച്ചും പൂർണ്ണമായും അറിയുമായിരുന്നു. നിങ്ങൾ മാത്രമാണ് ത്രികാലദർശികൾ. ബാബ ബ്രാഹ്മണരെയാണ് ത്രികാല ദർശികളാക്കുന്നത്. ദേവതകൾ ത്രികാലദർശികൾ അല്ലായെങ്കിൽ അവരുടെ വംശാവലിയിൽ ഉള്ളവരിലും ഈ ജ്ഞാനം ഉണ്ടായിരിക്കില്ല, എങ്കിൽ പിന്നെ മറ്റുള്ളവർക്ക് ഈ ജ്ഞാനം എവിടെ നിന്ന് വരാനാണ്. നല്കുന്നതും ഒന്ന് മാത്രമാണ്. ഈ സഹജ രാജയോഗത്തിന്റെ ജ്ഞാനം മറ്റാർക്കും ഉണ്ടായിരിക്കില്ല. ദേവീ–ദേവതാ ധർമ്മത്തിന്റെ ശാസ്ത്രം ഉണ്ടായിരിക്കണം. അതുകൊണ്ട് പിന്നീട് അവർക്ക് ഡ്രാമയനുസരിച്ച് ശാസ്ത്രം ഉണ്ടാക്കേണ്ടി വരുന്നു. ഗീത, ഭാഗവതം തുടങ്ങിയ സർവ്വതും പിന്നീട് ഇതുപോലെതന്നെ വീണ്ടും ഉണ്ടാക്കും. ഗ്രന്ഥവും ഇതുപോലെ ഉണ്ടാക്കും. ഇപ്പോൾ ഗ്രന്ഥം എത്ര വലുതാക്കിയിരിക്കുകയാണ്. അല്ലായെങ്കിൽ വളരെ ചെറുതായിരുന്നു– കൈകൊണ്ട് എഴുതിയതായിരുന്നു. പിന്നീട് വലുതാക്കിയതാണ്. ഇതും അങ്ങനെയാണ്. ഇതിന്റെ ഗ്രന്ഥം അഥവാ ഉണ്ടാക്കുകയാണെങ്കിൽ വളരെ വലുതാകും. എന്നാൽ പിന്നീടതിനെ ചുരുക്കുന്നു. അവസാനം ബാബ രണ്ട് വാക്ക് പറയുന്നു– മൻമനാഭവ. ഞാൻ നിങ്ങൾക്ക് സർവ്വ വേദ ശാസ്ത്രങ്ങളുടെയും സാരം മനസിലാക്കി തരുന്നു എങ്കിൽ പേര് തീർച്ചയായും ഉപയോഗിക്കേണ്ടി വരില്ലേ, അതായത് ഇന്ന ശാസ്ത്രത്തിൽ ഇന്നയിന്നതുണ്ടെന്ന് .അതൊന്നും ധർമ്മ ശാസ്ത്രമല്ല. ഭാരതത്തിന്റെ ധർമ്മം ഒന്ന് മാത്രമാണ്. ബാക്കി അത് ഏത് ധർമ്മത്തിന്റെ ശാസ്ത്രമാണെന്ന് ഒരിക്കലും തെളിയിക്കാൻ സാധിക്കില്ല. ഭാരതത്തിന്റെ ശാസ്ത്രമാണ് ഒരേ ഒരു ഗീത. സർവ്വ ശാസ്ത്ര ശിരോമണി എന്ന് ഗീതയെ കുറിച്ചാണ് മഹിമ പാടിയിരിക്കുന്നത്. നിങ്ങൾക്ക് ഗീതയുടെ മഹിമ കൃത്യമായി അറിയാം. ആ ഗീതയിലൂടെയാണ് ബാബ വന്ന് ഭാരതത്തിനെ സ്വർഗമാക്കുന്നത്. ഭാരതത്തിലെ ശാസ്ത്രത്തിന് വളരെ ആദരവ് ലഭിക്കാറുണ്ട്. എന്നാൽ ഗീതയുടെ ഭഗവാൻ ആരായിരുന്നു എന്ന് അറിയാത്തതിനാൽ അസത്യമായ പ്രതിജ്ഞ എടുക്കുന്നു. ഇപ്പോൾ അത് ശരിയാക്കു. ഞാൻ സർവ്വ വ്യാപിയാണെന്ന് ഭഗവാൻ പറഞ്ഞിട്ടില്ല.

ശിവബാബ ഇവിടെ വന്ന് മുരളി നടത്തുമ്പോൾ പരംധാമത്തിലും ഉണ്ടായിരിക്കുമോ? എന്ന് കുട്ടികൾ ചോദ്യം ചോദിച്ചിരുന്നു. ബാബ പറയുന്നു: എനിക്ക് ഇപ്പോൾ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടി വരുന്നു. വളരെയധികം സേവനം നടക്കുന്നു. എത്ര കുട്ടികൾ, ഭക്തൻമാർ തുടങ്ങിയവർക്ക് സാക്ഷാത്ക്കാരം ചെയ്യിപ്പിക്കേണ്ടി വരുന്നു. ഞാൻ ഇപ്പോൾ ബഹുരൂപിയാണ്, ബഹുരൂപി എന്ന വാക്കു കാരണമാണ്

മനുഷ്യർ സർവ്വതിനേയും ഭഗവാന്റെ രൂപമായി കരുതുന്നത്. മായ തലകീഴാക്കി തൂക്കുന്നു, ബാബ പിന്നെ നേരെയാക്കുന്നു. നിങ്ങൾ കുട്ടികളിപ്പോൾ മുക്തിധാമത്തിലേക്ക് പോകുവാനായി പുരുഷാർത്ഥം ചെയ്യുന്നു. നിങ്ങളുടെ ബുദ്ധി ഇപ്പോൾ മുക്തീധാമത്തിന്റെ വശത്തേക്കാണ്. ബാബ നിങ്ങളെകൊണ്ട് ചെയ്യിപ്പിക്കുന്ന പുരുഷാർത്ഥം ഒരു മനുഷ്യർക്കും ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ തന്റെ ബുദ്ധീയോഗം അവിടെ വെയ്ക്കു. ജീവിച്ചിരിക്കെ മരിച്ച് ഈ ശരീരത്തെ മറന്നു കൊണ്ടിരിക്കു. മനുഷ്യർ മരിച്ചാൽ സ്വർഗത്തിലേക്ക് പോയി എന്ന് പറയും എന്നിട്ട് കരഞ്ഞുകൊണ്ടിരിക്കും. ബാബയുടെ സൽപുത്രൻമാരായ കുട്ടികൾ ബാബയുടെ സഹായികളായി സേവനം ചെയ്യും. അവർ ഒരിക്കലും ഡിസ്സർവ്വീസ് ചെയ്യില്ല. അഥവാ ആരെങ്കിലും ഡിസ്സർവ്വീസ് ചെയ്യുന്നുണ്ടെങ്കിൽ അവരവരുടെ തന്നെയാണ് ചെയ്യുന്നത്. ബാബ പറയുന്നു: മധുരമാ യ കുട്ടികളേ ഈ സമയം വളരെ വിലപ്പെട്ടതാണ്. നിങ്ങൾ ഭാവിയിലെ 21 ജന്മങ്ങളിലേക്ക് വേണ്ടിയാണ് സമ്പാദ്യം ഉണ്ടാക്കുന്നത്. ഞങ്ങൾക്ക് വിശ്വത്തിന്റെ രാജ്യാധികാരമാണ് ലഭിക്കുന്നതെന്ന് നിങ്ങൾക്കറിയാം. എത്ര വലിയ സമ്പാദ്യമാണ് അപ്പോൾ അതിൽ മുഴുകണം. ബാബയെ ഓർമ്മിക്കണം. ഗവൺമെന്റിന്റെ സേവനത്തിൽ 8 മണിക്കൂർ ഇരിക്കാറുള്ളതു പോലെ എനിക്ക് വേണ്ടി 8 മണിക്കൂർ നല്കു. രാത്രിയിൽ ഉറങ്ങി തന്റെ സമയം വെറുതെ കളയരുത്. രാത്രിയും പകലും സമ്പാദ്യം ഉണ്ടാക്കണം. ഇത് വളരെ സഹജമാണ്. ബുദ്ധിയുടെ കാര്യം മാത്രമാണ്. മനുഷ്യർ ജോലിക്ക് പോകുമ്പോൾ ആദ്യം ക്ഷേത്രത്തിന് മുന്നിൽ കൈ കൂപ്പിയിട്ട് കടയിലേക്ക് പോകുന്നു. തിരിച്ച് മടങ്ങുന്ന സമയം മറന്നു പോകുന്നു, വീടിന്റെ ഓർമ്മ വരുന്നു. അതും നല്ലതാണ്. എന്നാൽ അർത്ഥം ഒന്നും അറിയുന്നില്ല.

നിങ്ങൾ കുട്ടികൾ കൽക്കട്ടയിൽ വളരെ നല്ല രീതിയിൽ മനസ്സിലാക്കികൊടുക്കണം– കാളീ മാതാവിന് അവിടെ നല്ല ആദരവുണ്ട്. ബംഗാളികൾക്ക് തങ്ങളുടേതായ ആചാര രീതികളുണ്ട്. ബ്രാഹ്മണരെയും മത്സ്യം കഴിപ്പിക്കുന്നു. ധനികർ തങ്ങളുടെ കുളമുണ്ടാക്കി പിന്നെ അതിൽ മത്സ്യങ്ങളെ വളർത്തി ബ്രാഹ്മണരെയും അത് കഴിപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ പക്കാ വൈഷ്ണവരാകുന്നു. നിങ്ങൾ ശരിക്കും വിഷ്ണുപുരിയിലേക്ക് പോകുന്നു. അവിടെ 4 ഭുജങ്ങളുള്ള മനുഷ്യരൊന്നും ഉണ്ടാകില്ല. ലക്ഷ്മീ–നാരായണനെയാണ് വിഷ്ണു എന്ന് പറയുന്നത്. 2 കൈകൾ ലക്ഷ്മിയുടെ , 2 നാരായണന്റെ. നിങ്ങൾ ലക്ഷ്മിയുടെ പൂജ ചെയ്യുന്നു, വാസ്തവത്തിൽ വിഷ്ണുവിന്റെയാണ് ചെയ്യുന്നത്. രണ്ട് പേരും ഉണ്ടല്ലോ. എന്നാൽ ഇപ്പോൾ മഹിമ അമ്മമാർക്കാണ്. ജഗദംബയുടെ മഹിമ പാടാറുണ്ട്. ലക്ഷ്മിയുടെയും പേര് പാടപ്പെടുന്നു. ബാബ വന്ന് അമ്മമാരിലൂടെ സർവ്വർക്കും സദ്ഗതി നല്കുന്നു. ജഗദംബ തന്നെ പിന്നെ രാജ രാജേശ്വരിയാകുന്നു. അമ്മയുടെ പൂജ ചെയ്യുന്നു. വാസ്തവത്തിൽ ജഗദംബ ഒന്നല്ലേ. ശിവന്റെ ഒരു ലിംഗമുണ്ടാക്കുന്നു പിന്നെ അതുപോലെ ചെറിയ ചെറിയ സാളിഗ്രാമമുണ്ടാക്കുന്നു. അതുപോലെ കാളിയുടെ ചെറിയ ക്ഷേത്രങ്ങൾ വളരെയധികം ഉണ്ട്. അത് അമ്മയുടെ സന്താനങ്ങൾ പോലെയാണ്. ഇപ്പോൾ ബാബ നിങ്ങളെ തന്റേതാക്കി, ബലിയാകുക എന്ന് ഇതിനെയാണ് പറയുന്നത്. നിങ്ങൾ ബാബയുടെമേൽ ബലിയാകുന്നു, ഈ ബ്രഹ്മാവിന്റെമേലല്ല.

ബാബ മനസ്സിലാക്കിത്തരുന്നു– ഇപ്പോൾ സമയം വ്യർത്ഥമാക്കരുത്. ജോലിയൊക്കെ ചെയ്തോളു ജീവിക്കാൻ ധനം വേണ്ടതുണ്ടെങ്കിൽ പിന്നെ കൂടുതലായി തല ചീത്തയാക്കുന്നതെന്തിനാണ്. അതെ ,ശിവബാബയുടെ യജ്ഞത്തിൽ നല്കുകയാണെങ്കിൽ വിശ്വസേവനത്തിൽ നല്കുന്നതുപോലെയാണ്. ബാബ പറയും സെന്ററുകൾ ഉണ്ടാക്കു, അവിടെ ഈ പെൺകുട്ടികൾ മനുഷ്യനെ ദേവതയാക്കുവാനുള്ള വഴി പറഞ്ഞു കൊടുക്കട്ടെ. ഈ പഠിത്തം എത്ര ഫസ്റ്റ്ക്ലാസ് ആണ്. വളരെ പേരുടെ മംഗളം ഉണ്ടാകും. ബാബ പറയുന്നു: ലക്ഷം, കോടി സമ്പാദിച്ചുകൊള്ളു, എന്നാൽ ഭാരതം പാവനമാക്കാൻ, സദാ ആരോഗ്യമുള്ളതാക്കാൻ തക്ക ജോലി ചെയ്യു. നിങ്ങൾ ഇപ്പോൾ ഭാവിയിലേക്ക് വേണ്ടി മുഴുവൻ സമ്പത്തെടുക്കുന്നു. അവിടെ പാവപ്പെട്ടവരായി ആരും ഉണ്ടാകില്ല. അവിടെയും ഇപ്പോളത്തെ പ്രാലബ്ധമാണ് അനുഭവിക്കുന്നതെങ്കിൽ അത്രയും ധാരണ ചെയ്യണം. നിങ്ങളുടെ ഓരോരോ പൈസയും വജ്ര സമാനമാണ്, ഇതിലൂടെയാണ് ഭാരതം സ്വർഗമാകുന്നത്. ബാക്കി എന്താണോ അവശേഷിക്കുന്നത് അത് ഇല്ലാതാകും. ധനം എന്താണോ ഉള്ളത് അത് ഈ സേവനത്തിൽ ഉപയോഗിക്കു. ഇത് ഏറ്റവും വലിയ ഹോസ്പിറ്റൽ ആണ്. ഞങ്ങൾ 8 അണ നല്കുന്നു, ഇതുകൊണ്ട് കെട്ടിടത്തിന് ഇഷ്ടിക വെയ്ക്കു, ഞങ്ങൾക്കറിയാം ഇവിടെ നിന്ന് മനുഷ്യർ സദാ ആരോഗ്യവാനാകും എന്ന് ചില പാവപ്പെട്ട കുട്ടികൾ പറയുന്നു. ഇവിടെ വളരെപേർ വരും. ഒരിക്കലും കണ്ടിട്ടില്ലാത്ത ക്യൂ ഉണ്ടാകും. അപ്പോൾ നമ്മൾ എന്തിൽ നിന്ന് എന്താണാകുന്നതെന്ന് എത്ര സന്തോഷം ഉണ്ടായിരിക്കണം. നമ്മൾ ശിവബാബയിൽ നിന്ന് പരിധിയില്ലാത്ത ആസ്തി എടുക്കുന്നു. ബാബ നിരാകാരിയാണ്, ജ്ഞാന സാഗരനാണ്. ബാബ ഈ രഥത്തിൽ പ്രവേശിക്കുന്നു. അതുകൊണ്ട് കുട്ടികൾ വളരെ ദയാഹൃദയരാകണം. തങ്ങളുടെമേലും മറ്റുള്ളവരുടെമേലും ദയ കാണിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഭാരതത്തിനെ പാവനമാക്കുന്ന സേവനത്തിൽ തങ്ങളുടെ ശരീരം, മനസ്, ധനം സഫലമാക്കണം. പണത്തെ വജ്രമായി കരുതി സ്വർഗം തയ്യാറാക്കുന്ന സേവനത്തിൽ ഉപയോഗിക്കണം, വ്യർത്ഥമാക്കരുത്.

2) ഭാവിയിലെ 21 ജന്മങ്ങളിലേക്കുള്ള പ്രാലബ്ധം ഉണ്ടാക്കുവാനായി രാത്രിയും പകലും സമ്പാദ്യം ശേഖരിക്കണം, സമയം വെറുതെ കളയരുത്. ശരീരത്തെ മറക്കുവാനുള്ള പുരുഷാർത്ഥം ചെയ്യണം.

**വരദാനം:- അകാല സിംഹാസനധാരിയും ഒപ്പം ഹൃദയ സിംഹാസനധാരിയുമായി സ്വരാജ്യത്തിന്റെ ലഹരിയിലിരിക്കുന്നവരായ മായാജീത്ത്, ജഗത്ജീത്ത് ആയി ഭവിക്കട്ടെ.**

അകാല സിംഹാസനധാരി ആത്മാവ് സദാ ആത്മീയ ലഹരിയിലിരിക്കുന്നു. രാജാവിന് ലഹരിയില്ലാതെ രാജ്യഭരണം നടക്കുകയില്ല എന്നത് പോലെ ആത്മാവ് അഥവാ സ്വരാജ്യത്തിന്റെ ലഹരിയിലല്ലെങ്കിൽ കർമ്മേന്ദ്രിയങ്ങളാകുന്ന പ്രജകൾക്കുമേൽ രാജ്യം ഭരിക്കാൻ സാധിക്കില്ല, അതിനാൽ അകാല സിംഹാസനധാരിയും ഒപ്പം ഹൃദയ സിംഹാസനധാരിയുമാകൂ, മാത്രമല്ല ഇതേ ആത്മീയ ലഹരിയിലിരിക്കൂ എങ്കിൽ ഏതൊരു സമസ്യക്കോ വിഘ്നങ്ങൾക്കോ താങ്കളുടെ മുന്നിൽ വരാൻ സാധിക്കില്ല. പ്രകൃതിക്കും മായക്ക് പോലും യുദ്ധം ചെയ്യാൻ സാധിക്കില്ല. അതിനാൽ സിംഹാസനധാരിയാകുക അർത്ഥം സഹജമായി പ്രകൃതിജീത്തും മായാജീത്തുമാകുക.

**സ്ലോഗൻ:- സങ്കൽപങ്ങളുടെ സിദ്ധി പ്രാപ്തമാകണമെങ്കിൽ ആത്മശക്തിയാകുന്ന ഇന്ധനം നിറച്ചുകൊണ്ടിരിക്കൂ.**